**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.240 — 28.01.2019 ൽ മറുപടിക്ക്

## പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടിയുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയുടെ അടിസ്ഥാനത്തിൽ ഫാമിലി ഹെൽത്ത് സെന്ററാക്കി ഉയർത്തപ്പെട്ട ആശുപത്രികളിൽ എന്നുമുതലാണ് പദ്ധതിയുടെ സേവനം ലഭ്യമാകുക; | (എ) | ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റാൻ തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 2019 ജനുവരി 24 വരെ 157 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രവർത്തനസജ്ജമായിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 2018-19-ൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി തെരെഞ്ഞെടുത്തിട്ടുള്ള 504 ആരോഗ്യ സ്ഥാപനങ്ങളിലെ പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ഇവിടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി അധിക തസ്തിക സൃഷ്ടിക്കുന്ന മുറയ്ക്ക് ഈ കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാക്കുവാൻ കഴിയുന്നതാണ്. |
| (ബി) | ആറ്റിങ്ങൽ മണ്ഡലത്തിലെ കരവാരം, കാട്ടുമ്പുറം, ചെറുന്നിയൂർ, പഴയകുന്നുമ്മേൽ എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ടതെന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (ബി) | ആറ്റിങ്ങൽ മണ്ഡലത്തിലെ കരവാരം, പുളിമാത്ത് (കാട്ടുമ്പുറം), ചെറുന്നിയൂർ, അടയമൺ (പഴയകുന്നുമ്മേൽ) എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനു വേണ്ടി ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അടയമൺ, കരവാരം, പുളിമാത്ത് എന്നീ പി.എച്ച്.സി.കളിൽ 14 ലക്ഷം രൂപ വീതവും ചെറുന്നിയൂർ പി.എച്ച്.സി.യ്ക്ക് എൻ.എച്ച്.എം.ഫണ്ടിൽ നിന്നും 15.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി എൻ.എച്ച്.എം.മുഖേന ഡി.പി.ആർ.തയ്യാറാക്കി പ്രാരംഭ നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ